(c) the extent of such waste lands as are used by cattle for pasture?

Mr. T. M. Krishna Menon.—The information collected so far is contained in the statements placed on the Council Table.

Night School in Azhikkode.

399. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അഴീക്കോട്ട് ഒരു നിശാപാഠശാല സ്ഥാപിച്ചുകൊടുക്കണമെന്ന ഗവമ്മെണ്ടിനു അധ്യക്തർ മുതലായ സമുദായക്കാരുടെ വല്ല അപേക്ഷയും കിട്ടീട്ടുണ്ടോ എന്നു പറയാമോ;

(b) പുതിയ സ്കൂൾ സ്ഥാപിച്ചു കൊടുപ്പാൻ ഫണ്ടനുവദിക്കാത്തപക്ഷം ബാലാനുബോധിനി നൈറ്റ് സ്കൂൾ അഴീക്കോട്ടെക്കു മാറ്റി സ്ഥാപിച്ചു കൊടുപ്പാൻ ഹർജിക്കാർ അപേക്ഷിക്കയുണ്ടായൊ എന്നു പറയുമൊ;

(c) ബാലാനുബോധിനി സ്കൂൾ കെട്ടിടത്തിൽ നിശാപാഠശാല എത്ര കൊല്ലം നടത്തി എന്നറിയിക്കുമൊ;

(d) 'ശിശുവിദ്യാപോഷിണി' സ്കൂളും 'ബാലാനുബോധിനി' സ്കൂളും തമ്മിൽ എത്ര അകലമുണ്ടെന്നു പറയാമൊ;

(e) പ്രസ്തുത നിശാപാഠശാലയുടെ സ്ഥലമാറ്റം സംബന്ധിച്ചുണ്ടായ എല്ലാ എഴുത്തുകുത്തുകളും മേശപ്പുറത്തു വെക്കുവാൻ ഒരുക്കമുണ്ടാകുമൊ;

(f) അഴീക്കോട് വില്ലേജിൽ അധ്യക്തരുടെ ഇണത്തിനും അഭിവൃദ്ധിയുണ്ടാക്കുവാനുമായി എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പറയാമൊ?

റാവു സാഹിബ് മിസ്റ്റർ സി. മത്തായി.—(a) അഴീക്കോട്ട് ഒരു നിശാപാഠശാല സ്ഥാപിക്കുന്നതിനു അധ്യക്തർ മുതലായവരുടെ ആട്ടക്കൽ നിന്നും അപേക്ഷ ഉണ്ടായതായി അറിയുന്നില്ല. പക്ഷെ ബാലാനുബോധിനി നൈറ്റ് സ്കൂൾ മേത്തലയിൽ നിന്നും മാറ്റരുതെന്നും, അഥവാ മാറ്റുന്നതായാൽ തന്നെ അതു ശിശുവിദ്യാപോഷിണി സ്കൂളിലേക്കു ആയാൽ കൊള്ളാമെന്നും കാണിച്ചു് ഒരു അപേക്ഷ ഉണ്ടായി.

(b) മേൽ ഉത്തരം നോക്കുക.

(c) പന്ത്രണ്ടു കൊല്ലത്തിൽ അധികം നടത്തീട്ടുണ്ടു്.

(d) വലിയ അകലമൊന്നുമില്ല.

(e) എഴുത്തുകുത്തുകൾ മേശപ്പുറത്തു വെക്കേണ്ട ആവശ്യം കാണുന്നില്ല.

(f) വിവരം അന്വേഷണത്തിൽ ഇരിക്കുന്നു.

Chitrapuzha Road.

400. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—(ക) തിരുവാങ്കുളം പഞ്ചായത്തിൽ പെട്ട ചിത്രപ്പുഴ റോഡു റിപ്പയറിനു് ക്ലാർക്കുലേക്കു എത്ര ഉറുപ്പിക അനുവദിച്ചു;

(ഖ) അനുവദിച്ച സംഖ്യക്കു പഞ്ചായത്തിൽ നിന്നും അവർ അയച്ച ബഡ്ജറ്റിൽ വല്ല തുകയും കാണിച്ചിരുന്നൊ;

(ന) ഉണ്ടെങ്കിൽ എത്രക്കാണു്;

(ര) പഞ്ചായത്തു ബഡ്ജറ്റു് എന്നാണു് സൂപ്രണ്ടിനു കിട്ടിയതു്;

(ങ) ബഡ്ജറ്റയക്കുമ്പോൾ വല്ല എസ്റ്റിമേറും തയ്യാറാക്കീട്ടുണ്ടായിരുന്നൊ;

(ന) ടി സംഖ്യ എതു പണിക്കാണു് ഉപയോഗിച്ചതു്;

(ഒ) ഈ പണിക്കു എസ്റ്റിമേറു് ആരാണു് തയ്യാറാക്കിയതു്;

LIBRARY ARCHIVES Kerala Legislative Assembly

(ഖ) എന്നാണ് തയ്യാറാക്കിയതെന്ന്,
(ന) എത്രക്കാണെന്നും പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(ക) ശരിക.
(ഖ) ഇല്ല.
(ന) ഈ ചോദ്യത്തിനവകാശമില്ല.
(ര) ക്രൻവ്വ ഫെബ്രുവരി ന-ാംന-.
(ങ) ഇല്ല.
(ന) താഴെ പറയുന്ന രണ്ടു പണികൾക്ക്.
(ക) ഇരിമ്പനം കിണർ.
(ഖ) മുണ്ടത്തിക്കോട്ടനിന്ന് അത്താണിക്കലേക്കുള്ള റോഡ്.
(ഘ) മേല്പറഞ്ഞവയിൽ ആദ്യത്തെ പണിക്ക് തെക്കെ ഡിവിഷൻ മൈനർ ഇറിഗേഷൻ ഓവർസീയരും രണ്ടാമത്തേതിന്ന വടക്കെ ഡിവിഷൻ മൈനർ ഇറിഗേഷൻ ഓവർസീയരും.
(ഖ) ഡന—ക—ക്രക്രഠര; ക്രര—ര—ക്രക്രഠക; ഈ തിയ്യതികളിൽ.
(ന) ആദ്യത്തെ പണിക്ക ര്നക. വ്യണ. രണ്ടാമത്തേതിന്ന ഡ,ൻഠഠക.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പഞ്ചായത്തുകാർ അവരുടെ ബഡ്ജറിൽ പെടാത്ത പണി ഇതിൽ ചേർക്കാനുണ്ടായ കാരണമെന്താണ്?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അങ്ങിനെ ചേർക്കാൻ യാതൊരു വിരോധവുമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിന്ന പ്രത്യേകമായ കാരണം വല്ലതും ഉണ്ടായൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ആ പണി നടത്തി കൊടുക്കണമെന്ന് നാലഞ്ചുകൊല്ലം മുമ്പെ ഫർജികളുണ്ടായിരുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതു വളരെ അത്യാവശ്യമായ പണിയായിരുന്നൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ഈ പണി നടത്തണമെന്ന് പഞ്ചായത്തുകാരും മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മുമ്പൊരിക്കൽ പറഞ്ഞതുകൊണ്ടാണൊ അതിലേക്ക പണം ചേർത്തത്?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അതുകൊണ്ടുതന്നെയാണ്. അല്ലാതെ മറ്റൊന്നുകൊണ്ടുമല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ പണി നടത്തുകയുണ്ടായൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—എന്തുകൊണ്ടു നടത്തിയില്ല?

മിസ്റ്റർ ഐ. രാമൻമേനോൻ.—അതിലേക്ക ആവശ്യപ്പെടാവുന്ന സ്ഥലം വെറെതെ തരാമെന്ന് ഉടമസ്ഥന്മാർ മുമ്പൊരിക്കൽ പറഞ്ഞിരുന്നു. ഇപ്പോൾ അതു അവർക്ക സമ്മതമില്ല. അതിനാൽ വില കൊടുക്കേണ്ടതായി വന്നു. അതുകൊണ്ടു നടത്താൻ സാധിച്ചില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ സംഖ്യകൊണ്ടു വേറെ പണി നടത്തിയൊ? ആ നടത്തിയ പണി ബഡ്ജറിൽ പെട്ടതാണൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അതെ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ആ പണിക്ക പ്രത്യേകം ബഡ്ജറുള്ളപ്പോൾ ഈ സംഖ്യ എന്തിനാണ്?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ആ സംഖ്യ മതിയാകാതെ വന്നു.

LIBRARY ARCHIVES Kerala Legislative Assembly